**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1019** **07-12-2022 - ൽ മറുപടിയ്ക്ക്**

**തസ്തികകൾ സൃഷ്ടിക്കുന്നതിനും പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനും നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | ശ്രീ . എ . കെ . ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനം വകുപ്പിൽ പുതിയതായി 500 തസ്തികകൾ സൃഷ്ടിച്ച സാഹചര്യത്തിൽ ആനുപാതികമായി ഉയർന്ന തസ്തികകൾ സൃഷ്ടിക്കുന്നതിനും അതുവഴി പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (എ) | വനം വകുപ്പിൽ പുതിയതായി 500 തസ്തികകൾ സൃഷ്ടിച്ച സാഹചര്യത്തിൽ ആനുപാതികമായി ഉയർന്ന തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശുപാർശ നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള ശുപാർശ സർക്കാരിന്റെ പരിശോധനയിൽ ആണ്. |
| (ബി) | പുതിയ തസ്തികകളിൽ ആദിവാസി വിഭാഗക്കാരെ മാത്രമാണോ നിയമിക്കുന്നത് ; ഇവരെ സ്പെഷ്യൽ റൂളിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | (ബി) | പുതുതായി സൃഷ്ടിച്ച 500 ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികകളിൽ വനാശ്രിതരായ ആദിവാസി വിഭാഗത്തിൽപ്പെട്ടവരെ മാത്രമാണ് നിയമിക്കുന്നത്. ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തിക നിലവിൽ സ്പെഷ്യൽ റൂളിൽ ഉൾപ്പെട്ടിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് നിർത്തലാക്കിയ മൂന്നു ഫോറസ്റ്റ് സ്റ്റേഷനുകൾ പുന:സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | 17/11/2021-ലെ സ.ഉ. (കൈ) നം. 25/2021/വനം പ്രകാരം, തൃശ്ശൂർ, പീച്ചി ഡിവിഷനുകളിലെ ഫോറസ്റ്റ് സ്റ്റേഷനുകൾ പുനഃസംഘടിപ്പിച്ച് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ